## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 55 — 02-03-2020-ൽ മറുപടിക്ക്

# അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി

ചോദ്യം
ശ്രീ.വി. കെ. സി. മമ്മത് കോയ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആയിക്കൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യമായി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ 30.10.2019-ലെ സ.ഉ.(കൈ) നം.24/2019/വി.സാ.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവശ്യകത കണക്കാക്കി അക്ഷയകേന്ദ്രങ്ങൾ അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനമായത് അക്ഷയകേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ആണോയെന്ന് വ്യക്തമാക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അവ തമ്മിലുള്ള ദൂരപരിധി ഒരു പ്രധാന ഘടകമാണ്. അടുത്തടുത്ത രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ അകലം പാലിച്ചിരിക്കണമെന്നുള്ളതാണ് നിലവിലെ വ്യവസ്ഥ. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത മാനദണ്ഡത്തിൽ മാറ്റം വരുത്തി ഓരോ പഞ്ചായത്തിലെയും ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ